## ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആന്റ് ടെക്നോളജിയിലെ പുതിയ പ്രധാനമന്ത്രി സ്വാസ്ത്യ സുരക്ഷാ യോജന (പിഎംഎസ്എസ്വൈ) മന്ദിരത്തിന്റെ ഉദ്ഘാടനം

പ്രധാനമന്ത്രി സ്വാസ്ത്യ സുരക്ഷാ യോജന പദ്ധതി പ്രകാരം ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ ടെക്നോളജിയിൽ നിർമ്മിച്ച പുതിയ മന്ദിരത്തിന്റെ ഉദ്ഘാടനം അഭിമാനപൂർവ്വം അറിയിക്കുന്നു. ആധുനിക സൗകര്യങ്ങളോട് കൂടിയ കെട്ടിടത്തിന്റെ ഉദ്ഘാടനം കേന്ദ്ര ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ്, കെമിക്കൽസ് ആൻഡ് ഫെർട്ടിലൈസേഴ്സ് വകുപ്പ് എന്നിവയുടെ കാബിനറ്റ് മന്ത്രിയായ ശ്രീ ജഗത് പ്രകാശ് നദ്ദയും, സ്വതന്ത്രചുമതലയുള്ള കേന്ദ്ര ശാസ്ത്രസാങ്കേതിക-ഭൗമശാസ്ത്ര വകുപ്പ് സഹമന്ത്രി ഡോ. ജിതേന്ദ്ര സിംഗും ചേർന്നു 2025 ഫെബ്രുവരി ഇരുപതിന് , രാവിലെ പത്ത് മണിക്ക് ശ്രീ ചിത്രയിൽ വച്ച് നിർവ്വഹിക്കും.

കേന്ദ്ര പെട്രോളിയം- പ്രകൃതിവാത-ടൂറിസം വകുപ്പ് സഹമന്ത്രി ശ്രീ. സുരേഷ് ഗോപി, കേരള സംസ്ഥാന ആരോഗ്യവകുപ്പ് മന്ത്രി ശ്രീമതി വീണാ ജോർജ്, തിരുവനന്തപുരത്ത് നിന്നുള്ള ലോക്സഭാ അംഗവും പാർലമെന്റ് സ്റ്റാൻഡിംഗ് കമ്മിറ്റി അധ്യക്ഷനുമായ ബഹുമാനപ്പെട്ട ഡോ. ശശി തരൂർ, നിതി ആയോഗ് അംഗവും ശ്രീചിത്ര മുൻ പ്രസിഡന്റുമായ ഡോ. വി കെ സാരസ്വത്, കേന്ദ്ര വിദേശകാര്യ- പാർലമെന്ററികാര്യ മുൻ സഹമന്ത്രി ശ്രീ. വി. മുരളീധരൻ, കേന്ദ്ര ശാസ്ത്ര- സാങ്കേതിക വകുപ്പ് സെക്രട്ടറി പ്രൊഫ. അഭയ് കരണ്ടികർ, ബഹുമാനപ്പെട്ട എംഎൽഎ ശ്രീ. കടകമ്പള്ളി സുരേന്ദ്രൻ, മറ്റു വിശിഷ്ടാതിഥികൾ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുക്കും.

കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ദേശീയപ്രാധാന്യമുള്ള സ്ഥാപനമാണ് ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആന്റ് ടെക്നോളജി. ഹൃദയ-നാഡീസംബന്ധമായ രോഗങ്ങൾക്ക് വിദഗ്ദ്ധ ചികിത്സ പ്രദാനം ചെയ്യുന്ന

രാജ്യത്തെ മുൻനിര സ്ഥാപനമാണ് ശ്രീചിത്ര. അത്യാധുനിക സംവിധാനങ്ങൾ, വിദഗ്ദ്ധരായ ഡോക്ടർമാർ, വിവിധ വിഭാഗങ്ങളെ കോർത്തിണക്കിക്കൊണ്ടുള്ള ചികിത്സാരീതി എന്നിവ രോഗികൾക്ക് മികച്ച ചികിത്സ ഉറപ്പുനൽകുന്നു. വൈദ്യശാസ്ത്ര രംഗത്തെ ഗവേഷണം, വൈദ്യശാസ്ത്ര ഉപകരണങ്ങൾ ഉൾപ്പെടെയുള്ള സാങ്കേതികവിദ്യകളുടെ വികസിപ്പിച്ചെടുക്കൽ, കുറഞ്ഞ ചെലവിൽ മികച്ച ചികിത്സ ഉറപ്പാക്കുന്നതിലെ പ്രതിജ്ഞാബദ്ധത എന്നിവയ്ക്കും ശ്രീചിത്ര പ്രശസ്തമാണ്. നിലവിൽ ശ്രീ ചിത്രയുടെ പ്രസിഡന്റ് സ്ഥാനം അലങ്കരിക്കുന്നത്, ഇൻഫോസിസ് മുൻ ചെയർമാൻ ബഹുമാനപ്പെട്ട ഡോ. ക്രിസ് ഗോപാലകൃഷ്ണൻ ആണ്.

കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പും കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയവും സംയുക്തമായാണ് പ്രാധാനമന്ത്രി സ്വാസ്ത്യ സുരക്ഷാ യോജന പ്രകാരം നിർമ്മിച്ചിരിക്കുന്ന പുതിയ കെട്ടിടത്തിന് ആവശ്യമായ സാമ്പത്തിക സഹായം നൽകിയിരിക്കുന്നത്.

ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആന്റ് ടെക്നോളജിയുടെ പശ്ചാത്തലസൗകര്യ വികസനത്തിലെ നാഴികക്കല്ലാണ് പുതിയ പിഎംഎസ്എസ്‌വൈ മന്ദിരം. പൊതുജനങ്ങൾക്ക് അത്യാധുനിക ചികിത്സ നൽകുന്നതിനുള്ള ശ്രീചിത്രയുടെ പരിശ്രമങ്ങൾക്ക് ഇത് കരുത്തേകും. ഒമ്പത് നിലകളിലായി നിർമ്മിച്ചിരിക്കുന്ന കെട്ടിടത്തിന്റെ ആകെ വിസ്തൃതി 270000 ചതുരശ്ര അടിയാണ്. പൂർണ്ണമായും എയർകണ്ടീഷൻ ചെയ്ത കെട്ടിടത്തിൽ തീവ്രപരിചരണ സേവനങ്ങൾക്ക് മാത്രമായി 130 കിടക്കകൾ സജ്ജീകരിച്ചിട്ടുണ്ട്. ഇതിന് പുറമെ പേവാർഡിനായി 40 മുറികൾ മാറ്റിവച്ചിട്ടുണ്ട്.

പൂർണ്ണമായി പ്രവർത്തനസജ്ജമാകുമ്പോൾ ഒമ്പത് അത്യാധുനിക ഓപ്പറേഷൻ തീയറ്ററുകൾ, എംആർഐ & സിടി സ്കാൻ വിഭാഗം, മൂന്ന് കാത്ത്‌ലാബുകൾ, സ്ലീപ് സ്റ്റഡി യൂണിറ്റ്, എക്കോകാർഡിയോഗ്രാഫി സ്യൂട്ട്, നോൺ- ഇൻവേസീവ് കാർഡിയോളജി ഇവാല്യുവേഷൻ സ്യൂട്ട് മുതലായവയുണ്ടാകും. രോഗികൾക്കായി വെൽനസ് സെന്റർ,

കൗൺസിലിംഗ് കേന്ദ്രങ്ങൾ, കഫറ്റീരിയ മുതലായവയും പുതിയ കെട്ടിടത്തിൽ സജ്ജമാക്കും.